## കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ:- സുരേന്ദ്രൻ. എൻ)

വിഷയം:- ജീവനക്കാര്യം-പഞ്ചായത്ത് വകുപ്പ് - കോഴിക്കോട് ജില്ല - സീനിയർ ക്ലർക്കുമാരിൽ നിന്ന് തരം താഴ്ത്തിയ ക്ലാർക്കുമാർക്ക് പകരം നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 06.03.2015 ലെ ഇ4-04/2014 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ:- A1 : 14/14 തീയ്യതി: 09/03/2015**

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ Stop gap arrangement എന്ന നിലയിൽ കെ.എസ്. & എസ്.എസ്.ആർ ഭാഗം II ചട്ടം 31 (എ)(1) പ്രകാരം ടെസ്റ്റ് യോഗ്യത ഇല്ലാത്ത ക്ലാർക്കുമാരുടെ സീനിയോറിറ്റിയുടെ മാത്രം അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക സ്ഥാന ക്കയറ്റം നൽകിയിരുന്നു. പഞ്ചായത്ത് വകുപ്പിലെ ക്ലാർക്ക് നിയമനം ജില്ലാ അടിസ്ഥാനത്തിലും സീനിയർ ക്ലാർക്ക് തസ്തികയിലെ നിയമനം സംസ്ഥാന അടിസ്ഥാനത്തിലും ആകയാൽ ടെസ്റ്റ് യോഗ്യത നേടി സ്ഥാന ക്കയറ്റത്തിന് അർഹത നേടുന്ന ക്ലാർക്കുമാർ ഏതു ജില്ലയിൽ നിന്നാണോ ലഭ്യമാകുന്നത് പ്രസ്തുത ജില്ല യിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ജൂനിയർമാരായ Stop gap arrangement -ൽ നിയമിച്ച സീനിയർ ക്ലാർക്കുമാരെ തരംതാഴ്ത്തുന്നതാണ് എന്ന നിബന്ധന പ്രകാരം കോഴിക്കോട് ജില്ലയിലെ താഴെ പറയുന്ന സീനിയർ ക്ലർക്കുമാരെ ക്ലാർക്കുമാരായി തരംതാഴ്ത്തി പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ക്ലാർക്കുമാരായി തരംതാഴ്ത്തിയ താഴെ പറയുന്നവർക്ക് നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്<br>നിലവിലെ ഓഫീസ് | സ്ഥലംമാറ്റം ലഭിച്ച ഓഫീസ് |
|---|---|---|
| *1* | *2* | *3* |
| 1 | ഷൈമലത<br>കായക്കൊടി ഗ്രാമപഞ്ചായത്ത്<br>കോഴിക്കോട് | മരുതോങ്കര ഗ്രാമപഞ്ചായത്ത് |
| 2 | ശറഫുദ്ദീൻ<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത്<br>കോഴിക്കോട് | മുക്കം ഗ്രാമപഞ്ചായത്ത് |
| 3 | സുരേഷ്.എം.കെ<br>ആയഞ്ചേരി ഗ്രാമപഞ്ചായത്ത്<br>കോഴിക്കോട് | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 4 | സക്കീന.വി.വി<br>അരീക്കോട് ഗ്രാമപഞ്ചായത്ത്<br>മലപ്പുറം | കീഴരിയൂർ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 5 | ഷമീർ.പി<br>വാഴക്കാട് ഗ്രാമപഞ്ചായത്ത് മലപ്പുറം | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് |

ജീവനക്കാർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരം ഈ ഓഫീസിനെ യഥാവിധി അറിയിക്കേണ്ടതാണ്.

(ഒപ്പ്)
സുരേന്ദ്രൻ. എൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

വ്യക്തികൾക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ്:-

1. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക്
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം (ഉപരിപത്രം സഹിതം)
4. എല്ലാ പെർഫോൻസ് ഓഡിറ്റ് സൂപ്പർ വൈസർമാർക്കും
5. കരുതൽ/അധികം.

/ഉത്തരവിൻപ്രകാരം/

സൂപ്രണ്ട്